## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 173** — **23-01-2025 - ൽ മറുപടിയ്ക്ക്**

## കുത്താട്ടുകുളത്തെ ഐസെലേഷൻ വാർഡ് നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കൂത്താട്ടുകുളത്ത് നിർമ്മിച്ച ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം തൃശൂർ ലേബർ കോൺട്രാക്റ്റ് സൊസൈറ്റിക്ക് നൽകിയത് ഏതെല്ലാം മാനദണ്ഡങ്ങൾ അനുസരിച്ചാണെന്ന് വിശദമാക്കാമോ; | (എ) | 140നിയോജക മണ്ഡലങ്ങളിൽ ഐസൊ ലേഷൻ വാർഡ് നിർമ്മാണത്തിനായി കേരള മെഡിക്കൽ സർവീസസ് കോപ്പറേഷനെ പദ്ധതിയുടെ SPV (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) യായി തിരഞ്ഞെടുത്തിരുന്നു. നിർവ്വഹണ ഏജൻസിയായ കേരള മെഡിക്കൽ സർവീസസ് കോപ്പറേഷൻ, EPCമാതൃകയിൽ Non PMC Accredited ഏജൻസിയിൽ നിന്നും RFP ക്ഷണിക്കുകയും, അതിൽ നിന്ന് നിർമ്മാണം നടത്തുന്നതിനായി M/s തൃശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റിയെ തിരഞ്ഞെ ടുക്കുകയുമാണുണ്ടായത്. |
| (ബി) | സംസ്ഥാനത്ത് ഉടനീളം തൃശ്ശൂർ ലേബർ കോൺട്രാക്റ്റ് സൊസൈറ്റിക്ക് എത്ര പ്രവൃത്തികളാണ് ഐസൊലേഷൻ വാർഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് നൽകിയിരുന്നത് എന്ന് അറിയിക്കാമോ; | (ബി) | സംസ്ഥാനത്ത് ഉടനീളം തൃശ്ശൂർ ലേബർ കോൺട്രാക്റ്റ് സൊസൈറ്റിക്ക് 87 ലൊക്കേഷനിലാണ് ഐസൊലേഷൻ വാർഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രവൃത്തി ഉത്തരവ് നൽകിയിട്ടുള്ളത്. |
| (സി) | ആയതിൽ എത്ര പ്രവൃത്തികൾ ടി ലേബർ കോൺട്രാക്റ്റ് സൊസൈറ്റി പൂർത്തീകരിച്ചു എന്നറിയിക്കാമോ; | (സി) | നിലവിൽ 51ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) | കൂത്താട്ടുകുളത്തെ ഐസെലേഷൻ വാർഡിന്റെ നിർമ്മാണത്തിൽ വന്ന ക്രമക്കേട് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | നിർമ്മാണ കാലയളവിൽ വന്നിട്ടുള്ള അപാകതകൾ കിഫ്ബി/കെ.എം.എസ്.സി. എൽ ഉദ്യോഗസ്ഥർ വിലയിരുത്തി അത് അടിയന്തിരമായി പരിഹരിക്കാൻ നിർമ്മാണ ഏജൻസിക്ക് നിർദേശം നൽകിയിട്ടുണ്ട്. |
| (ഇ) | നിർമ്മാണത്തിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്താൻ തയ്യാറാകുമോ; വിശദമാക്കാമോ? | (ഇ) | കിഫ്ബി/കെ.എം.എസ്.സി.എൽ ന്റെ മേൽ നോട്ടത്തിൽ നിർമ്മാണ ഏജൻസിയായ M/sതൃശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റി മുഖേനെ (നോൺ പിഎംസി അക്രഡിറ്റഡ് ഏജൻസി) നടന്നു വരുന്ന ഐസൊലേഷൻ വാർഡിന്റെ നിർമ്മാണത്തിൽ ഏതെങ്കിലും സ്ഥലത്ത് അപാകതയോ ആക്ഷേപമോ ഉള്ള പക്ഷം പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ